**പതിനാലാം കേരള നിയമസഭ**

**പതിനാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2253**

**07/02/2019 ൽ മറുപടി നൽകേണ്ടത്**

## തദ്ദേശ സ്ഥാപനങ്ങൾക്കായി നീക്കിവച്ച തുകയുടെ വിനിയോഗം

**ചോദ്യം** | **ഉത്തരം**

ശ്രീ.വി.ഡി. സതീശൻ

ഡോ. ടി.എം. തോമസ് ഐസക്

ധനകാര്യവും കയറും വകുപ്പ് മന്ത്രി

| ചോദ്യം നം.2253 | ചോദ്യം | ഉത്തരം |
|---|---|---|
| എ) | പുതുക്കിയ വാർഷിക പദ്ധതിയിൽ നടപ്പ് സാമ്പത്തിക വർഷം തദ്ദേശ സ്ഥാപനങ്ങൾക്കായി എത്ര കോടി രൂപയാണ് നീക്കിവച്ചിരിക്കുന്നത് വ്യക്തമാക്കാമോ; | പുതുക്കിയ വാർഷിക പദ്ധതിയിൽ നടപ്പ് സാമ്പത്തിക വർഷം പുതുക്കിയ ഉപധനാഭ്യർത്ഥനയും ചേർത്ത് പ്രാദേശിക സർക്കാരുകൾക്ക് 7245.16 കോടി രൂപയാണ് നീക്കിവച്ചിരിക്കുന്നത്. |
| ബി) | സാമ്പത്തിക വർഷം അവസാനിക്കാൻ ദിവസങ്ങൾ മാത്രം അവശേഷിക്കെ ഇതിൽ എത്ര ശതമാനം ചെലവഴിക്കപ്പെട്ടു എന്നും ഇത് പദ്ധതി ചിലവിനായി സർക്കാർ നിശ്ചയിച്ചിരുന്ന ലക്ഷ്യത്തിന്റെ അടുത്ത് എത്തിയോ എന്നും വ്യക്തമാക്കുമോ; | വിവിധ പ്രാദേശിക സർക്കാർ തലത്തിലുള്ള 02.02.2019 വരെയുള്ള ചെലവിന്റെ പട്ടിക ചുവടെ ചേർക്കുന്നു.<br><br>തദ്ദേശ സ്ഥാപനം — ചെലവ് ശതമാനം<br>ജില്ലാ പഞ്ചായത്ത് — 55.48%<br>ഗ്രാമപഞ്ചായത്ത് — 66.62%<br>കോർപ്പറേഷൻ — 43.86%<br>മുനിസിപ്പാലിറ്റി — 53.73%<br>ബ്ലോക്ക് പഞ്ചായത്ത് — 67.24%<br><br>സാമ്പത്തിക വർഷം അവസാനിക്കുന്നതിന് മുൻപ് 100% തുകയും ചെലവഴിക്കാനാണ് സർക്കാർ നിശ്ചയിച്ചിരിക്കുന്നത്. ചെലവ് ശതമാനം സർക്കാർ നിശ്ചയിച്ചിരിക്കുന്ന ലക്ഷ്യത്തിനടുത്തെത്തിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**

| | | |
|---|---|---|
| സി) | വകയിരുത്തിയ തുകയുടെ ഭൂരിഭാഗവും സാമ്പത്തിക വർഷത്തിന്റെ അവസാനമാസത്തിൽ തിരക്കിട്ട് ചെലവാക്കുന്ന രീതി പദ്ധതി പ്രവർത്തനങ്ങളുടെ സുതാര്യതയും കാര്യക്ഷമതയും ഇല്ലാതാക്കുന്നതായി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദശങ്ങൾ പുറപ്പെടുവിക്കാമോ? ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ | വകയിരുത്തിയ തുകയുടെ ഭൂരിഭാഗവും സാമ്പത്തിക വർഷത്തിന്റെ അവസാന മാസത്തിൽ തിരക്കിട്ട് ചിലവാക്കുന്ന രീതി ഒഴിവാക്കുന്നതിനായി പദ്ധതി നിർവ്വഹണത്തിന് പൂർണ്ണമായും ഒരു വർഷം ലഭിക്കത്തക്ക വിധത്തിൽ സാമ്പത്തിക വർഷം തുടങ്ങുന്നതിന് മുമ്പ് വാർഷിക പദ്ധതിക്ക് അംഗീകാരം വാങ്ങണമെന്ന നിർദ്ദേശം പ്രാദേശിക സർക്കാരുകൾക്ക് നൽകുകയും ഏപ്രിൽ 1 ന് തന്നെ പദ്ധതി നിർവ്വഹണ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതി പ്രവർത്തനങ്ങളുടെ സുതാര്യതയും കാര്യക്ഷമതയും വർദ്ധിപ്പിക്കുന്നതിന് ഇത് സഹായിക്കും. |

**സെക്ഷൻ ഓഫീസർ**